മുഖ്യമന്ത്രിയുടെ യാത്രാബത്ത

4. [4] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ആഗസ്റ്റുമാസത്തിനുശേഷം മുഖ്യമന്ത്രിയുടെ യാത്രാബത്തയിനത്തിൽ എത്ര രൂപാ ചെലവായി ;

(ബി) ഇതിൽ ഡൽഹിയാത്രയ്ക്കായി ചെലവായ തുക എത്ര ?

ഉത്തരം

(എ) 30,061.45 രൂപ.

(ബി) 5,580 രൂപ.

മുഖ്യമന്ത്രിയുടെ യാത്രാപ്പടി ഇനത്തിൽ ചെലവായ തുക

5. [5] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പുസാമ്പത്തിക വർഷത്തിൽ 28-2-1986 വരെ മുഖ്യമന്ത്രിയുടെ യാത്രപ്പടി ഇനത്തിൽ ചെലവാക്കിയ തുക എത്ര ?

ഉത്തരം

നടപ്പുസാമ്പത്തിക വർഷത്തിൽ 28-2-1986 വരെ മുഖ്യമന്ത്രിയുടെ യാത്രാപ്പടി ഇനത്തിൽ 57,561.60 രൂപ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ വിമാനയാത്രയ്ക്ക് ചെലവായ തുക

6. [7] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയുടെയും വിമാനയാത്രയ്ക്കായി ബജനാവിൽനിന്ന് ചെലവഴിച്ച തുക എത്രവീതം ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയുടെയും വിമാനയാത്രക്കൂലിക്കായി ബജനാവിൽനിന്ന് ചെലവഴിച്ച തുക താഴെ കൊടുക്കുന്നു.

		രൂപ
1.	മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ	1,71,654
2.	ഉപമുഖ്യമന്ത്രി ശ്രീ. കെ. അവുക്കാദർകുട്ടി നഹ	ഇല്ല
3.	വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ്	1,88,043

LIBRARY ARCHIVES Kerala Legislative Assembly

4.	മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. എൻ. ഗംഗാധരൻ	1,21,858
5.	കൃഷിവകുപ്പുമന്ത്രി ശ്രീ. എ. എൽ. ജേക്കബ്	13,942
6.	വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്	1,29,872
7.	സഹകരണ വകുപ്പുമന്ത്രി ശ്രീമതി എം. കമലം	69,691
8.	ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി	84,167
9.	വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ	53,934
10.	തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ	30,323
11.	എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ	59,648
12.	തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. സി. എം. സുന്ദരം	21,526
13.	ഗതാഗത വകുപ്പുമന്ത്രി ശ്രീ. എൻ. സുന്ദരൻ നാടാർ	29,234
14	ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. വയലാർ രവി	1,52,449
15.	റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്	65,632
16.	ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. യു. എ. ബീരാൻ	43,235
17.	സാമൂഹ്യ ക്ഷേമ വികസന വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധൻ	31,378.

മന്ത്രിമാരുടെ ഡൽഹി സന്ദർശനം

7. [8] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ എത്ര പ്രാവശ്യം വീതം ഡൽഹി സന്ദർശിച്ചു;

(ബി) ഓരോരുത്തരുടെയും സന്ദർശനോദ്ദേശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെ ഡൽഹി സന്ദർശനങ്ങൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽനിന്നു ചെലവാക്കിയിട്ടുള്ള മൊത്തം തുകയെത്ര ;

(ഡി) ഓരോരുത്തർക്കും എത്ര വീതം ?

LIBRARY ARCHIVES Kerala Legislative Assembly